# സന്തോഷത്തോടെ കൊടുക്കുക

## അപ്പൊ.പ്രവൃത്തികൾ 20:35

**"ഇങ്ങനെ പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കുകയും വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് കർത്താവായ യേശു താൻ പറഞ്ഞ വാക്കു ഓർത്തുകൊൾകയും വേണ്ടത് എന്ന് ഞാൻ എല്ലാം കൊണ്ടും നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു."**

തന്റെ അദ്ധ്വാനത്തിന്റെ പങ്ക് മറ്റുള്ളവർക്കു നൽകുകയും അതു വഴി ലഭിക്കുന്ന സന്തോഷത്തെയും കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു വേദഭാഗമാണിത്. ഇന്ന് നാം ആയിരിക്കുന്ന ഈ ലോകം സ്വാർഥതയുടെ ലോകമാണ്. ഓരോരുത്തരും സ്വന്ത താത്പര്യങ്ങൾക്ക് വേണ്ടി അദ്ധ്വാനിക്കുന്നു. ആർക്കും ഒന്നും കൊടുക്കാൻ അവന് മനസ്സില്ല. എന്നാൽ മറ്റുള്ളവരിൽ നിന്ന് പലതും ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ അപ്പോസ്തൊലനായ പൗലോസ് പറയുന്നത് മറിച്ചാണ്. തനിക്കും കൂടെയുള്ളവർക്കും വേണ്ടി സ്വന്ത കൈകൾ കൊണ്ട് അദ്ധ്വാനിച്ചു എന്ന് പൗലോസ് പറയുന്നു. നാം അതു പോലെ പ്രാപ്തിയില്ലാത്തവരെ സഹായിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ആർക്കും ഒന്നും കൊടുക്കാതെ എല്ലാം തനിക്ക് സ്വന്തമായി വേണമെന്നത് ബാലിശമായ സ്വഭാവമാണ്. പക്വതയും പ്രായവും കൂടുമ്പോൾ അത് മാറണം. എന്നാൽ ഇന്ന് വളരുമ്പോൾ ഈ സ്വഭാവം മാത്രം മാറുന്നില്ല. അവർക്ക് കൊടുക്കുന്നതിന്റെയും, സഹായിക്കുന്നതിന്റെയും സന്തോഷം അറിയാൻ കഴിയുന്നില്ല. സഹായിക്കുക എന്ന് പറയുമ്പോൾ അത് പണം നൽകി മാത്രമല്ല മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിഞ്ഞ് സഹായിക്കുക എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. അത് നമ്മുടെ ഒരു നല്ല വാക്ക്, ഒരു പുഞ്ചിരി, മറ്റുള്ളവരെ കേൾക്കാനുള്ള ഒരു നല്ല മനസ്സ് ഒക്കെ ആകാം. ഇന്ന് തിരക്കിട്ട ലോകത്തിൽ മറ്റുള്ളവരെ കരുതാൻ ആർക്കും സമയമില്ല, പ്രയാസങ്ങൾ കേൾക്കാൻ സമയമില്ല. എന്നാൽ ഒരു ദൈവപൈതൽ തന്റെ കൂടെ ഉള്ളവരെ കരുതണം, സഹായിക്കണം, സ്നേഹിക്കണം. ഇതാണ് യേശു നമ്മെ പഠിപ്പിച്ചതും നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും.

നമ്മളെ കൊണ്ട് ആകും പോലെ, ആകുന്ന വിധത്തിൽ സഹായിക്കുക എന്നേ ദൈവം ആഗ്രഹിക്കുന്നുള്ളൂ. നമുക്കുള്ളതിൽ നിന്ന് തന്നെ അത് ചെയ്വാനുള്ള മനസ്സലിവുണ്ടാവണം. ദൈവം നോക്കുന്നത് നമ്മുടെ ഹൃദയത്തിന്റെ ഭാവത്തെയാണ്. അതുകൊണ്ട് ഒരു ലാഭേച്ഛയും കൂടാതെ നിഗൂഢമായ സ്വാസ്ഥ താത്പര്യങ്ങൾ കൂടാതെ

തന്നെ സഹായിക്കാൻ കഴിയണം. കാരണം രഹസ്യത്തിൽ കാണുന്ന നമ്മുടെ പിതാവാണ് നമുക്ക് പ്രതിഫലം നൽകുന്നത് എന്ന് നാം എപ്പോഴും ഓർക്കണം. അതു കൊണ്ട് വാങ്ങുന്നതിനേക്കാൾ അധികമായി കൊടുക്കുന്നത് ഭാഗ്യം എന്ന് യേശു പറഞ്ഞ വാക്കുകൾ ഓർത്ത് കൊണ്ട് അങ്ങനെ ചെയ്തു കൊണ്ട് ശേഷിക്കുന്ന കാലം ജീവിക്കാൻ കൃപ തരേണമെന്ന് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം**

2 കൊരിന്ത്യർ 9:7

അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്. നിർബന്ധത്താലും അരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 040**